**A** **512**

# സമഗ്ര ശിക്ഷാ, കേരളം
# പാദവാർഷിക മൂല്യനിർണയം 2019-20
## മലയാളം

ക്ലാസ് : 5 **അടിസ്ഥാനപാഠാവലി** സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ **ഒന്നാമത്തെ** പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. **രണ്ടു മുതൽ ആറു വരെ** പ്രവർത്തനങ്ങളിൽ നാലു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.
3. ഉപചോദ്യങ്ങളുണ്ടെങ്കിൽ ചോദ്യനമ്പരിനൊപ്പം എ, ബി എന്നിങ്ങനെ എഴുതണം.

**പ്രവർത്തനം 1 - കഥ വായിച്ച് ഉത്തരമെഴുതുക**

**പത്തു മക്കൾ = ഒരു മരം**

പുള്ളിക്കോഴിയും പിള്ളേരും അടുക്കളപ്പുറത്ത് കൊത്തിപ്പെറുക്കി നടക്കുന്നുണ്ട്. "ഇതുങ്ങളൊന്ന് വളർന്നു മുട്ടയിട്ടിട്ടു വേണം ഇവിടുത്തെ അന്തേവാസികൾക്കെല്ലാം ആഴ്ചയിലൊരിക്കലെങ്കിലും മുട്ട തിന്നാൻ......:: ത്രേസ്യാമ്മ പറഞ്ഞതു കേട്ട് ഭവാനിയമ്മ വെറുതെ ചിരിച്ചു. അവർ ഓർമ്മകളിൽ ചിലതൊക്കെ ചിക്കി ചികയാൻ തുടങ്ങി.

തറവാട്ടു മുറ്റത്തെ പ്ലാവിൻ ശിഖരം മുറിച്ച് കുട്ടപ്പനാശാരി പണിത തൊട്ടിലിലുറങ്ങി വളർന്ന എട്ടു മക്കൾ.... എട്ടാമനെ താരാട്ടി മൂന്നാം മാസം തൊട്ടിലൊടിഞ്ഞു. നാലാം ദിവസം അവന്റെ അച്ഛന്റെ കണ്ണടഞ്ഞു. പുളിച്ചി മാവിന്റെ തെക്കോട്ടു ചാഞ്ഞ ഒറ്റ ശാഖയിൽ ചിതയൊരുക്കി. വരിക്ക പ്ലാവിലെ ചക്ക തിന്ന് മക്കളെട്ടും വളർന്നു. പിന്നൊരിക്കൽ ഇളയവൻ തന്നെ പ്ലാവു വിറ്റു. പൊന്നിൻ കാതലുള്ള തടിയുമായി വാങ്ങിയവർ പോകുമ്പോൾ കരഞ്ഞുപോയി. അവൻ പറഞ്ഞു. "ഒരു നല്ല കാര്യത്തിനല്ലേ... അമ്മയെ വൃദ്ധസദനത്തിലാക്കാനുള്ള കാശ് പിന്നെവിടുന്നാ.....?" അങ്ങനെ... ഇവിടെ..... ഇപ്പോൾ ! "പത്തു മക്കളല്ലൊരു മരമത്രേ കേമം..." നൊമ്പരച്ചിരിയോടെ ഭവാനിയമ്മ മൂളിത്തുടങ്ങി.

എ) **'ഒരു നല്ല കാര്യത്തിനല്ലേ' - ഇളയ മകൻ അങ്ങനെ പറഞ്ഞെങ്കിലും നിങ്ങളുടെ അഭിപ്രായത്തിൽ നല്ല കാര്യമായി തോന്നുന്നത് ഇവയിൽ ഏതാണ്?**

(പ്ലാവ് വെട്ടി വിറ്റത്, അമ്മയെ വൃദ്ധസദനത്തിലാക്കിയത്, വൃക്ഷങ്ങളെ സംരക്ഷിക്കുന്നത്)

ബി) **'പുള്ളിക്കോഴിയും പിള്ളേരും അടുക്കളപ്പുറത്ത് കൊത്തിപ്പെറുക്കി നടക്കുന്നുണ്ട്.' - ഇതിനോട് ബന്ധപ്പെടുത്താവുന്ന പ്രയോഗഭംഗിയുള്ള ഒരു വാക്യം കഥയിലുണ്ട്. ഏത്?**

(ഇതുങ്ങളൊന്നു വളർന്നു മുട്ടയിട്ടിട്ടു വേണം....., അവർ ഓർമകളിൽ ചിലതൊക്കെ ചിക്കി ചികയാൻ തുടങ്ങി, എട്ടാമനെ താരാട്ടി മൂന്നാം മാസം തൊട്ടിലൊടിഞ്ഞു.)

സി) 'അങ്ങനെ..... ഇവിടെ....... ഇപ്പോൾ....' സൂചനയിൽ നിന്ന് ഭവാനിയമ്മ ഇപ്പോൾ എവിടെയാണെന്ന് നിങ്ങൾ കരുതുന്നു?

(ഇളയ മകനോടൊപ്പം, ത്രേസ്യാമ്മയുടെ വീട്ടിൽ, വൃദ്ധസദനത്തിൽ)

ഡി) 'ത്രേസ്യാമ്മ പറഞ്ഞതു കേട്ട് ഭവാനിയമ്മ വെറുതെ ചിരിച്ചു.' - ആ ചിരിയുടെ അർഥമെന്തായിരിക്കും?

(കോഴികൾ മുട്ടയിടാൻ പോകുന്നില്ല, കോഴിക്കുഞ്ഞുങ്ങൾ ചത്തു പോകും, മക്കളെ കുറിച്ച് പ്രതീക്ഷ വേണ്ട)

ഇ) 'നാലാം ദിവസം അച്ഛന്റെ കണ്ണടഞ്ഞു' - ഈ പ്രയോഗത്തിലൂടെ അർഥമാക്കുന്നതെന്ത്?

(താരാട്ടു കേട്ട് അച്ഛനുറങ്ങി, അച്ഛൻ മരിച്ചു, തൊട്ടിലൊടിഞ്ഞ ശബ്ദം കേട്ട് അച്ഛൻ കണ്ണടച്ചു)


**പ്രവർത്തനം 2 - ഉപന്യാസം**

'എന്റെ വിദ്യാലയം' എന്ന കവിതയിൽ "പരർതൻ കഷ്ടപ്പാടു പേറുമക്കല്ലത്താണി" എന്ന വരിയിലെ 'കല്ലത്താണി' എന്താണെന്ന് മനസിലാക്കിയില്ലേ. 'ചുമടുതാങ്ങി'യെന്നും ഇതിനു പേരുണ്ട്. പണ്ട് ചുമടുമായി ഏറെ ദൂരം നടക്കേണ്ടി വരുന്നവർക്ക് ഇതിൽ സ്വയം ചുമടിറക്കി വച്ച് ആശ്വസിക്കാമായിരുന്നു.

ജീവിതമാകുന്ന യാത്രയിൽ നമ്മൾ മറ്റുള്ളവർക്കും മറ്റുള്ളവർ നമുക്കും 'അത്താണി'യാകുമ്പോഴാണ് പരസ്പര സ്നേഹത്തിലൂടെ ജീവിതം സന്തോഷകരമാകുന്നത്.

പാഠഭാഗത്തെ ആശയങ്ങളും സ്വന്തം അനുഭവങ്ങളും അറിവുകളും ഉൾപ്പെടുത്തി 'പരോപകാരമേ പുണ്യം' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക. (രണ്ടു ഖണ്ഡികയിൽ കുറയരുത്)

**പ്രവർത്തനം - 3 വിശകലനം**




ഇതിനെക്കാൾ മനോഹരമായും വലുതായും അഞ്ചിതളുള്ള ഒരു പൂവ് വരക്കുക. ഓരോ ഇതളിലും അതാതു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഒന്നാം ഇതൾ : "കാറ്റിലുലഞ്ഞു ചിരിക്കും ചെറിയൊരു മന്ദാരപ്പൂവ്"

ഈ വരിയിൽ കാറ്റ്, ഉലഞ്ഞ്, ചിരിക്കും, ചെറിയ, ഒരു, മന്ദാരപ്പൂവ് എന്നീ വാക്കുകളുണ്ട്.

"ഇതളിൽ നിന്നുമടർന്നൂ നല്ലൊരു കുഞ്ഞുമഴത്തുള്ളി" - ഈ വരിയിൽ ഏതൊക്കെ വാക്കുകളുണ്ട്?

രണ്ടാം ഇതൾ : "മഴ പെയ്തൊഴിയും മാനം നോക്കി കാഴ്ചകൾ കാണുന്നു."

'മാനം' എന്ന വാക്കിനു പകരം അതേ അർഥമുള്ള മറ്റൊരു വാക്ക് ചേർക്കുക. (താളവ്യത്യാസം പാടില്ല.)

മൂന്നാം ഇതൾ : "ഓരോരുത്തരെയും നോക്കി കാണുക, അവരുടെ ശബ്ദങ്ങൾ തിരിച്ചറിയാൻ ശ്രമിക്കുക." - 'കിളിനോട്ട'ത്തിന്റെ ആദ്യ പാഠങ്ങളായി സുഗതകുമാരി പറയുന്നത് ഇതാണ്. പക്ഷികളെ നിരീക്ഷിക്കാൻ നിങ്ങൾക്കു പറയാവുന്ന രണ്ടു കാര്യങ്ങൾ എന്തൊക്കെ?

നാലാം ഇതൾ : "മധുവിൻ മത്താൽ പാറി മൂളുന്നൂ മധുപങ്ങൾ"

മധു, മധുപം എന്നീ പദങ്ങൾ ഉപയോഗിച്ച് മറ്റൊരു വരി എഴുതുക.

അഞ്ചാം ഇതൾ : ഒരു കിളിക്കൂടും മൂന്ന് കുഞ്ഞിക്കിളിച്ചുണ്ടുകളും നിങ്ങളുടെ ഭാവനക്കനുസരിച്ച് വരയ്ക്കുക.

## പ്രവർത്തനം 4 – നിരീക്ഷണകുറിപ്പ്

*"കണ്ണാംതുമ്പീ പോരാമോ....... എന്നോടിഷ്ടം കൂടാമോ...."*

*"ആറ്റിറമ്പിലെ കൊമ്പിലെ തത്തമ്മേ കളിത്തത്തമ്മേ*
*ഇല്ലാക്കഥ ചൊല്ലാതെടി ഓലവാലീ....."*

*"ഓലത്തുമ്പത്തിരുന്നൂയലാടും ചെല്ലപ്പൈങ്കിളീ......"*

നിങ്ങൾ കേൾക്കുകയും ആസ്വദിക്കുകയും ചെയ്ത മനോഹരമായ ചില ചലച്ചിത്രഗാനങ്ങളുടെ വരികളാണിവ. 'കിളിനോട്ടം' എന്ന പാഠത്തിൽ ശ്രീമതി. സുഗതകുമാരി പറയുന്നുണ്ട്. "അവർ ചിറകുള്ള കൊച്ചു ദേവതകളാണ്" എന്ന്. കിളികളെക്കുറിച്ച് നിങ്ങൾക്കും ഇതേ അഭിപ്രായമായിരിക്കും. തുമ്പികളെയും കിളികളെയും നോക്കി നിന്ന് നിങ്ങളുടെ സന്തോഷവും സങ്കടവും സങ്കൽപവുമൊക്കെ പങ്കു വച്ചിട്ടുണ്ടാകാം. അങ്ങനെയൊരു നിരീക്ഷണാനുഭവത്തെക്കുറിച്ച് കുറിപ്പെഴുതുക. (അരപ്പേജിൽ കവിയരുത്)

**പ്രവർത്തനം 5 - നാടകരൂപം**

രവീന്ദ്രനാഥ ടാഗോറിന്റെ 'വൃക്ഷത്തെ സ്നേഹിച്ച ബാലൻ' എന്ന പാഠത്തിലെ ഇലവു മരത്തെയും ബാലചന്ദ്രനെയും നിങ്ങൾക്കറിയാമല്ലോ. ഒരു നാൾ മരം വെട്ടുകാരനെയും കൂട്ടി ഇലവുമരം മുറിച്ചു മാറ്റാൻ വല്യച്ഛൻ അവിടെയെത്തി. ഇലവുമരത്തിന് വല്ലാത്ത വിഷമം തോന്നി. ബാലചന്ദ്രനുണ്ടായിരുന്നെങ്കിൽ...... ഒപ്പം വളർന്നു വന്നിരുന്ന നാട്ടുമാവും പേരമരവും വേദനയോടെ ഇലവുമരത്തെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

**ഈ സാഹചര്യത്തെ മുൻനിർത്തി ഒരു നാടകരംഗം തയാറാക്കുക.**

കഥാപാത്രങ്ങൾ : ഇലവുമരം, നാട്ടുമാവ്, പേരമരം, വല്യച്ഛൻ, മരംവെട്ടുകാരൻ

(പത്തു സംഭാഷണങ്ങളിൽ കുറയരുത്)

**പ്രവർത്തനം 6 - പ്രസംഗം**

ഇടശ്ശേരിയുടെ... 

ഒരു നല്ല ഗുരുനാഥൻ എങ്ങനെയാകണം? നിങ്ങൾക്കു പ്രിയപ്പെട്ട ഗുരുനാഥൻമാർ നിങ്ങളുടെ വിദ്യാലയത്തിലുമുണ്ടല്ലോ. **'എന്റെ ഗുരുനാഥൻ' എന്ന വിഷയത്തെക്കുറിച്ച് അധ്യാപക ദിനത്തിൽ അവതരിപ്പിക്കാൻ ഒരു പ്രസംഗം തയാറാക്കുക.**